പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 859 — 05.02.2020-ലെ മറുപടിയ്ക്ക്

പുരവിമല കോളനിയിലേക്കുള്ള റോഡ് നവീകരണ അനുമതി

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അമ്പൂരി ഗ്രാമപഞ്ചായത്തിലെ പുരവിമല സെറ്റിൽമെന്റ് കോളനിയിലേക്കുള്ള റോഡ് നവീകരണത്തിനായി പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചുവെങ്കിലും, വനം വകുപ്പ് അനുമതി നൽകാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് വസ്തുതയാണോ; | (എ) | നെയ്യാർ വന്യജീവി സങ്കേതത്തിലെ കുമ്പിച്ചൽ-1 സെക്ഷൻ പരിധിയിൽ അമ്പൂരി ഗ്രാമപഞ്ചായത്തിലെ തെന്മല വാർഡിൽ ചാക്കപ്പാറ-പുരവിമല വഴി തെന്മല വരെയുള്ള 9 കി.മീ. ദൂരം പ്രധാനമന്ത്രിയുടെ സഡക് യോജന പദ്ധതി പ്രകാരം റോഡ് നിർമ്മിക്കുന്നതിനായി വനാവകാശ നിയമ പ്രകാരം അനുമതി നൽകണമെന്ന് കാണിച്ച് അമ്പൂരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 07/09/2018ന് നെയ്യാർ അസ്സി. വൈൽഡ് ലൈഫ് വാർഡന് സമർപ്പിച്ച അപേക്ഷ , സൈറ്റ് പരിശോധനാ റിപ്പോർട്ട്, ഫോറം - ബി റിപ്പോർട്ട്, മറ്റ് അനുബന്ധ രേഖകൾ എന്നിവ സഹിതം അനന്തര നടപടികൾക്കായി തിരുവനന്തപുരം, വൈൽഡ് ലൈഫ് വാർഡന് ലഭ്യമാക്കി. തിരുവനന്തപുരം, വൈൽഡ് ലൈഫ് വാർഡന്റെ പരിശോധനയിൽ ടി റോഡ് നിർമ്മാണത്തിനായി 5.4 ഹെക്ടർ വനഭൂമി വേണ്ടിവരുമെന്ന് കണ്ടെത്തുകയും ചെയ്തു. വനാവകാശ നിയമം 2006 പ്രകാരം 1 ഹെക്ടർ വരെയുള്ള വനഭൂമി മാത്രമേ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ടി ആവശ്യത്തിലേയ്ക്കായി അനുമതി നൽകുന്നതിന് വ്യവസ്ഥയുള്ളൂ. പ്രസ്തുത റോഡ് നെയ്യാർ വന്യജീവി സങ്കേതത്തിലെ വിവിധ സെറ്റിൽമെന്റുകളിൽ കൂടിയാണ് കടന്നുപോകുന്നത്. ഭൂമി അനുവദിക്കുന്നതിനായി Forest Conservation Act 1980 പ്രകാരം പുതുക്കിയ ശുപാർശ ഓൺലൈൻ വഴി സമർപ്പിക്കേണ്ടതാണെന്ന് യൂസർ ഏജൻസിയായ ഡിസ്ട്രിക്ട് പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിരുന്നു. 10.12.2018-ന് യൂസർ ഏജൻസി ടി റോഡ് പ്രവർത്തി പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതിയിൽ ഉൾ |

| | | | |
|---|---|---|---|
| | | | പ്പെടുത്തിയിട്ടുള്ളതിനാൽ എഫ്.സി.ആക്ട് 1980 പ്രകാരമുള്ള ക്ലിയറൻസ് ഒഴിവാക്കിയിട്ടുണ്ടെന്ന് കാണിച്ച് അപേക്ഷ പുനഃസമർപ്പിച്ചു. ഇക്കാര്യം പരിശോധിച്ചതിൽ പ്രധാനമന്ത്രിയുടെ ഗ്രാമീണ സഠക് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തികൾക്ക് എഫ്.സി.ആക്ട് 1980 പ്രകാരമുള്ള ക്ലിയറൻസ് ഒഴിവാക്കിയിട്ടുണ്ടെങ്കിലും ടി റോഡുകൾ ഉൾപ്പെടുന്ന സ്ഥലം വന്യജീവി സങ്കേതത്തിനുള്ളിലാണെങ്കിൽ വൈൽഡ് ലൈഫ് ക്ലിയറൻസ് നിർബന്ധമാണ്. 02.04.2019-ൽ ടി വിവരങ്ങൾ സൂചിപ്പിച്ചുകൊണ്ടും forest clearance.nic.in എന്ന വെബ് സൈറ്റിലൂടെ വൈൽഡ് ലൈഫ് ക്ലിയറൻസിന് ഓൺ ലൈൻ അപേക്ഷ സമർപ്പിക്കുവാൻ യൂസർ ഏജൻസിയ്ക്ക് നിർദ്ദേശം നൽകി. യൂസർ ഏജൻസി സമർപ്പിച്ച അപേക്ഷയിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് പ്രസ്തുത അപേക്ഷ സംസ്ഥാന വൈൽഡ് ലൈഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | രണ്ടായിരത്തിലേറെ വരുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട ആളുകൾ പുറംലോകവുമായി ബന്ധപ്പെടാൻ ഉപയോഗിക്കുന്ന ഈ റോഡിന്റെ നിർമ്മാണം നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ? | (ബി) | പരാമർശ റോഡ് വന്യജീവി സങ്കേതത്തിനുള്ളിലായതിനാൽ നിലവിലുള്ള വീതി കൂട്ടാതെയും ടാർ ചെയ്യാതെയുമുള്ള നിർമ്മാണ പ്രവർത്തനം മാത്രമേ സാധ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ